## സംസ്ഥാന ന്യൂനപക്ഷക്ഷേമ വകുപ്പ്

വികാസ് ഭവൻ, നാലാം നില, തിരുവനന്തപുരം-33

**Website : mwdscholarship.kerala.gov.in**

**Email : director.mwd@gmail.com   Phone Number : 0471-2300523, 2302090**


---

MWD/575/2026-AD1 **തീയതി :** 10-08-2026

# <u>ലിമിറ്റഡ് ടെണ്ടർ നോട്ടീസ്</u>

സംസ്ഥാന സർക്കാരിന്റെ ഈ വർഷത്തെ ഓണാഘോഷത്തോടനുബന്ധിച്ച് ആഗസ്റ്റ് 30-ന് സംഘടിപ്പിക്കുന്ന ഓണം ഘോഷയാത്രയിൽ പങ്കെടുപ്പിക്കുന്നതിന് വകുപ്പിൻറെ നിർദ്ദേശങ്ങൾക്കും ആശയത്തിനുമനുസരിച്ച് ഫ്ളോട്ട് നിർമിച്ചു നൽകുന്നതിന് താത്പര്യമുള്ള സ്ഥാപനങ്ങൾ/വ്യക്തികളിൽ നിന്നും ടെണ്ടറുകൾ ക്ഷണിച്ചുകൊള്ളുന്നു.

ന്യൂനപക്ഷ ജനവിഭാഗത്തിന്റെ ഉന്നമനത്തിനായി രൂപീകരിക്കപ്പെട്ട ന്യൂനപക്ഷ ക്ഷേമ വകുപ്പ് നേടിയെടുത്ത നേട്ടങ്ങൾ ഉൾക്കൊള്ളിച്ച് കൊണ്ടും വകുപ്പിന്റെ സംഭാവനകളെ പരാമർശിക്കുന്ന തരത്തിലുള്ള വകുപ്പിൽ നിന്നും നൽകുന്ന നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ ഒരു ഫ്ളോട്ട് തയ്യാറാക്കി നൽകുന്നതിന് താൽപര്യമുള്ള ആർട്ടിസ്റ്റുകളിൽ നിന്നും, സ്ഥാപനങ്ങളിൽ നിന്നും ദർഘാസുകൾ ക്ഷണിച്ചു കൊള്ളുന്നു. ന്യൂനപക്ഷ ക്ഷേമ വകുപ്പ് നടപ്പിലാക്കുന്ന ക്ഷേമപ്രവർത്തനങ്ങൾ ആസ്പദമാക്കി തയ്യാറാക്കുന്ന ഫ്ളോട്ടിൻറെ രൂപരേഖ സഹിതമുള്ള ദർഘാസ് ന്യൂനപക്ഷ ക്ഷേമ വകുപ്പ്, തിരുവനന്തപുരം എന്ന മേൽവിലാസത്തിൽ സമർപ്പിക്കേണ്ടതാണ്. ടെണ്ടർ ഫോം mwdscholarship.kerala.gov.in എന്ന വെബ്സൈറ്റിൽ നിന്ന് ലഭ്യമാകുന്നതാണ്. ടെണ്ടർ ഫോമിന്റെ വിലയായ 1000+(GST) രൂപ ഓഫീസിൽ ഒടുക്കേണ്ടതാണ്.

**<u>വിശദാംശങ്ങൾ</u>**

- അപേക്ഷകന്റെ പേരും മേൽവിലാസവും ഒപ്പം തിരിച്ചറിയൽ കാർഡിന്റെ പകർപ്പ്
- മൊബൈൽ നമ്പർ
- ക്വാട്ട് ചെയ്യുന്ന തുക
- പ്രവർത്തി പരിചയം
- ടെൻഡർ സ്വീകരിക്കുന്ന അവസാന തീയതി- 17/08/2026  11 AM

- ടെൻഡർ തുറക്കുന്ന തീയതി- 17/08/2026. 3. PM

<u>**നിബന്ധനകൾ**</u>

- ഫ്ളോട്ട് നിർമ്മാണരംഗത്ത് കുറഞ്ഞത് 5 വർഷത്തെ മുൻപരിചയം ഉണ്ടായിരിക്കേണ്ടതാണ്
- നിർമ്മാണത്തിന് മുൻകൂർ തുക അനുവദിക്കുന്നതല്ല.
- മുൻകാലങ്ങളിൽ വിജയകരമായി ചെയ്ത പ്രവർത്തനങ്ങളുടെ വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്.
- Design പരിശോധനയ്ക്ക് ശേഷം മാത്രമേ Financial Bid open ചെയ്യുകയുള്ളൂ
- Design , Financial Bid എന്നിവ പ്രത്യേകം പ്രത്യേകം കവറുകളിൽ ലഭ്യമാക്കേണ്ടതാണ്.
- നിശ്ചിത സമയത്തിന് ശേഷം ലഭിക്കുന്ന ദർഘാസുകൾ യാതൊരു കാരണവശാലും പരിഗണിക്കുന്നതല്ല
- ദർ ഘാസുകൾ 17/08/2026 ന് 11.00 മണി വരെ സ്വീകരിക്കും. അന്നേദിവസം 3.00 മണിയ്ക്ക് ഹാജരുള്ള കരാറുകാരുടെ സാന്നിദ്ധ്യത്തിൽ ദർഘാസ് തുറക്കുന്നതും ഏറ്റവും കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്തിട്ടുള്ള കരാറുകാരന് വർക്ക് ഓർഡർ നൽകുന്നതുമാണ്.

  ടെണ്ടർ സമർപ്പിക്കുന്ന കവറിനു പുറത്ത് **"ഫ്ളോട്ട് നിർമ്മാണം-ഓണാഘോഷം 2026"** ഫ്ളോട്ട് നിർമ്മിക്കുന്നതിനുള്ള ടെണ്ടർ എന്ന് രേഖപ്പെടുത്തണം. ടെണ്ടറിനോടൊപ്പം ആവശ്യപ്പെട്ടിട്ടുള്ള രേഖകൾ EMD (എസ്റ്റിമേറ്റ് തുകയുടെ 2.5%) എന്നിവ കൂടി സമർപ്പിക്കേണ്ടതാണ്. ടെണ്ടറുകൾ ഡയറക്ടർ, ന്യൂനപക്ഷ ക്ഷേമ വകുപ്പ്, വികാസ് ഭവൻ, തിരുവനന്തപുരം-33 എന്ന മേൽ വിലാസത്തിൽ സമർപ്പിക്കാവുന്നതാണ്. ടെണ്ടറുകൾ സംബന്ധമായ എല്ലാ സർക്കാർ ഉത്തരവുകളും ഇതിനും ബാധകമായിരിക്കും.

ടെണ്ടർ സമർപ്പിക്കേണ്ട മേൽവിലാസം

ഡയറക്ടർ
ന്യൂനപക്ഷ ക്ഷേമ വകുപ്പ്, വികാസ് ഭവൻ, തിരുവനന്തപുരം

Digitally signed by DEVIDAS N
Date: 10-08-2026 15:29:57

ഡയറക്ടർ
നോട്ടീസ് ബോർഡ്/ വെബ്സൈറ്റ്
ഡയറക്ടർ PRD

DEVIDAS N IAS

DIRECTOR